Parish Bulletin - Sep 02, 2018

# St. Mary's Knanaya Catholic Parish

**7800 W. Lyons, Morton Grove, IL. 60053**

*www.smkcparish.us . 847 919 5279*




**Pastor:** Rev. Fr. Thomas Mulavanal
*eMail: mulavan@hotmail.com Ph: 310 709 5111*
***Associate Pastor:*** *Rev. Fr. Bins Chethalil*
*Ph: 281 818 6518*
***Secretary:*** *Rev. Sr.Sylverius SVM Ph: 224 432 3217*

***Trustees:***
*(Coordinator) Tito Kandarappallil Ph: 847 323 3109*
*Polson Kulangara Ph: 847 207 1274*
*Joy Chemmachel Ph: 312 560 1600*
*Siby Kaithakkathottiyil Ph: 773 620 1202*
*Tony Kizhakkekuttu ph: 847 736 5151*

## HOLY MASS SCHEDULE

**SUNDAY**
07:45am Holy Mass in Malayalam
10:00am Holy Mass in Malayalam
11:45am Holy Mass in English
05:30pm Holy Mass in Malayalam

**MONDAY — THURSDAY**
07:00pm Holy Mass in Malayalam

**TUESDAY**
After Mass Novena to St. Anthony

**THURSDAY**
After Mass Novena to St. Jude

**FRIDAY**
06:00pm Holy Mass in Malayalam

**SATURDAY**
10:00am Holy Mass in Malayalam
followed by Novena to Our Lady of Perpetual Help

| Description | Collection Amount |
|---|---|
| Novena St.Antony | $87.00 |
| Feast Income | $127.00 |
| Building Usage | $2,350.00 |
| Flood Relief Kerala | $12,334.00 |
| Novena St.Jude | $116.00 |
| Regular Mass Collection | $360.00 |
| Feast Sponsors | $300.00 |
| Main Feast Income | $1,560.00 |
| Mantra | $133.00 |
| Youth 2K18 Feast Sponsors | $1,000.00 |
| Funeral Donation | $500.00 |
| Sunday Regular Collection | $2,037.00 |
| Total Collection for the week ending on 08/26/2018 | $20,904.00 |

### വരും നാളുകളിൽ

| | |
|---|---|
| Nov 23 to 26 | റവ.ഫാ.ഡോമിനിക്ക് വാള്മനാൽ നയിക്കുന്ന ത്രിദിന ബൈബിൾ കൺവെൻഷൻ |

## സെ. മേരീസ് ക്നാനായ ദൈവാലയത്തിൽ വിശുദ്ധ പത്താം പീയൂസിന്റെ തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു



മോർട്ടൺഗ്രോവ് സെ.മേരീസ് ദൈവാലയത്തിൽ വച്ച് സെപ്റ്റംബർ 26 ഞായറാഴ്ച രാവിലെ 10 മണിക്ക് നടന്ന വിശുദ്ധ പത്താം പീയൂസിന്റെ തിരുനാൾ ബലിയർപ്പണത്തിലും, തിരുശേഷിപ്പു വണക്ക ആചരണകർമ്മങ്ങളിലും. ഇടവക വികാരി റവ. ഫാ.തോമസ് മുളവനാൽ മുഖ്യകാർമികത്വം വഹിച്ചു. അസിസ്റ്റൻറ് വികാരി റവ.ഫാ. ബിൻസ് ചേത്തലിൽ,റവ.ഫാ.സ്റ്റീഫൻ നടക്കുഴക്കൽ എന്നിവർ സഹകാർമികരായിരുന്നു. എല്ലാം ക്രിസ്തുവിൽ നവീകരിക്കുക എന്നത് ആപ്തവാക്യമായി സ്വീകരിച്ച് തിരുസഭയിൽ അജപാലന രംഗത്ത് വലിയ നവീകരണങ്ങൾ കൊണ്ടുവന്ന മാർപാപ്പയാണ് വിശുദ്ധ പത്താം പിയൂസ്. 1911 ഓഗസ്റ്റ് 29ന് കോട്ടയം വികാരിയത്ത് തെക്കുംഭാഗ സിറോമലബാർ സമൂഹത്തിന് അനുവദിച്ചു തന്നത് വിശുദ്ധ പത്താം പീയൂസാണ്. വിശുദ്ധ കുർബാനയുടെ പാപ്പാ എന്നറിയപ്പെടുന്ന വി.പത്താം പിയൂസ് ഇന്ന് കോട്ടയം അതിരൂപതയുടെ രണ്ടാമത്തെ സ്വർഗീയ മാധ്യസ്ഥനാണ്.. മഹത്വത്തിലേക്കുള്ള വഴി എളിമയും ദാരിദ്ര്യാരൂപിയിലുള്ള ജീവിതവുമാണെന്ന് ലോകത്തെ പഠിപ്പിച്ച വിശുദ്ധനാണെന്നും, വിശ്വാസപരിശീലനത്തിൻറെയും കൂദാശ ജീവിതത്തിൻറെയും പ്രാധാന്യം ആധുനിക ലോകത്തിന് ഇണങ്ങിയ രീതിയിൽ വിശ്വാസ സമൂഹത്തെ പരിശീലിപ്പിക്കുവാൻ മാർഗ്ഗരേഖ നിശ്ചയിച്ചുതന്നതും വി.പത്താം പീയൂസാണെയെന്ന് തിരുനാൾ സന്ദേശത്തിൽ ഫാദർ മുളവനാൽ അനുസ്മരിപ്പിച്ചു. വിശുദ്ധന്റെ തിരുശേഷിപ്പ് സെ.മേരീസ് ദേവാലയത്തിൽ പൊതു വണക്കത്തിന് സ്ഥാപിക്കപ്പെടുന്നത് ഇതാദ്യമായിട്ടാണ്. അനുഗ്രഹ പ്രഭചൊരിഞ്ഞ തിരുശേഷിപ്പു വണക്കത്തിൽ അനേകർ പങ്കെടുത്തു മടങ്ങി.





**എലിയാ സ്ലീവ മൂശാക്കാലം രണ്ടാം ഞായർ / Second Sunday of ELIJAH-CROSS-MOSES**

| Sep 02 | PASSAGE | 10:00 AM Mass | 11:45 AM English Mass |
|---|---|---|---|
| 1st Reading | Deut 07: 07– 11 | Mary Alumkal | |
| 2nd Reading | Thess 02 : 14-03:03 | Elizabeth Perikalathil | |
| Gospel | Mt 13 : 01—09 | | |

# ചിക്കാഗോ സെന്റ് മേരീസ് മതബോധന സ്കൂളിൽ വിദ്യാരംഭം കുറിച്ചു

മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് മതബോധന സ്കൂളിൽ വിദ്യാരംഭത്തിന്റെ ഭാഗമായി പ്രവേശനോത്സവം നടത്തി . വിശ്വാസ പരിശീലനത്തിനായി രജിസ്റ്റർ ചെയ്തിരിക്കുന്ന കുട്ടികൾക്കും അധ്യാപകർക്കും വേണ്ടി വികാരി ഫാ . തോമസ് മുളവനാൽ പ്രത്യേക പ്രാർത്ഥന ചൊല്ലി ആശീർവദിച്ചു . തുടർന്ന് വിശ്വാസ പരിശീലനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും മതബോധന സ്കൂളിൽ കുട്ടികൾ പാലിക്കേണ്ട നിയമങ്ങളെപ്പറ്റിയും സിസ്റ്റർ ജോവാൻ ക്ലാസ് എടുത്തു . ഫാ. തോമസ് മുളവനാൽ നിലവിളക്കു കൊളുത്തി സ്കൂൾ വർഷത്തിന് ആരംഭം കുറിച്ചു. പ്രവേശനോത്സവത്തിന്റെ ക്രമീകരണങ്ങൾക്ക് അസിസ്റ്റന്റ് വികാരി ഫാ. ബിൻസ് ചേത്തലിൽ നേതൃത്വം നൽകി . സ്കൂൾ ഡയറക്ടർ സജി പൂത്തൃക്കയിൽ ഏവർക്കും സ്വാഗതവും അസിസ്റ്റന്റ് ഡയറക്ടർ മനീഷ് കൈമൂലയിൽ നന്ദിയും അറിയിച്ചു . സ്കൂൾ രെജിസ്ട്രേഷന് പള്ളി എക്സിക്യൂട്ടീവ് അംഗങ്ങളും അധ്യാപകരും നേതൃത്വം നൽകി.









## *അറിയിപ്പുകൾ അടുത്തയാഴ്ച*

- സെ.മേരിസ് ഇടവകയിൽ പ്രവർത്തിക്കുന്ന വിമൻസ് മിനിസ്ട്രിയുടെ പ്രവർത്തന വാർഷിക ഉദ്ഘാടനം സെപ്തംബർ 9 ന് ഞായറാഴ്ച രാവിലെ വിശുദ്ധ കുർബാനക്കുശേഷം നടത്തപ്പെടും. ഇടവകയിലെ എല്ലാ വനിതകളും ഈ ചടങ്ങിൽ സംബന്ധിക്കണമെന്ന് അറീയിക്കുന്നു.

- ഫാദർ ടോം ഉഴുന്നാലിൽ സെ.മേരിസ് ദൈവാലയത്തിൽഎത്തുന്നു. ദീർഘനാൾ യെമനിൽ തീവ്രവാദികളുടെ തടങ്കലിൽ കഴിയേണ്ടിവന്ന ജസ്യൂട്ട് സഭ വൈദികനായ ഫാ. ടോം ഉഴുന്നാലിൽ ആദ്യമായി അമേരിക്കയിൽ എത്തുന്ന വേളയിൽ സെപ്തംബർ 9 ന് ഞായറാഴ്ച രാവിലെ 10 മണിക്ക് സെ.മേരിസ് ദൈവാലയത്തിൽ വിശുദ്ധ ബലിയർപ്പിച്ച് തന്റെ അനുഭവസാക്ഷ്യങ്ങൾ പങ്കുവയ്ക്കുന്നു.

- പ്രളയക്കെടുതിയിൽ അകപ്പെട്ടവർക്ക് വേണ്ടി ഒരുക്കുന്ന ഭവന നിർമ്മാണ പദ്ധതിയിൽ സ്പോൺസർ ചെയ്യാൻ അവസരം. കേരളത്തിലെ മഹാപ്രളയത്തിൽ വീടുകൾ പൂർണമായും നഷ്ടപ്പെട്ടവരെ സഹായിക്കുന്നതിന്റെ ഭാഗമായി കോട്ടയം അതിരൂപത സോഷ്യൽ സർവീസ് വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയിലേക്ക് സഹായിക്കുവാൻ താൽപര്യമുള്ളവർ 5000 ഡോളർ സ്പോൺസർ ചെയ്ത് അംഗമാകുവാനവസരമുണ്ട്. താല്പര്യമുള്ള സുമനസ്സുകൾ വികാരിയച്ചനുമായി ബന്ധപ്പെട്ടുകൊണ്ട് ഈ സംരംഭത്തിൽ പങ്കാളികളാവുക.

'Ezra School of Evangelization' is a spiritual initiative Lead by the American Knanaya Regional Cenacle Team of Chicago.

The purpose of the 2-days retreat is to prepare persons with a spiritual zeal to work for the Glory of God, by providing with Prayer, Edification and necessary Training and to enable them to share the Gospel, to lead Prayer groups, to console those in distress and pain, to pray for the sick and heal and to become Missionaries of the Lord Jesus Christ...

Ezra Evangelisation retreat is scheduled to be held from September 21-23, 2018. Timing is 8.00 AM to 8.00 PM.

## Ezra School of Evangelization at St Marys Knanaya Church, Chicago









# സെ.മേരിസിൽ നടത്തിയ പരിശുദ്ധ കന്യക മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാൾ ആഘോഷങ്ങളുടെ ചിത്ര ദൃശ്യങ്ങൾ.








